**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3234** **26-06-2024 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ പ്രദേശങ്ങളുടെ സൗന്ദര്യം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കാരവൻ ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. ഇതിനായി സമഗ്രമായി ഒരു നയം ടൂറിസം വകുപ്പ് ആവിഷ്കരിച്ചു. കാരവൻ ടൂറിസത്തിന് താത്പര്യം പ്രകടിപ്പിച്ചവരുമായി യോഗങ്ങൾ നടത്തി കാരവൻ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ നീക്കം തുടങ്ങി.<br><br>കാരവൻ ടൂറിസത്തിനായി സഞ്ചാരികളെ ആകർഷിക്കുന്നതിന് രാജ്യത്തിനകത്തും പുറത്തും വിപുലമായ പ്രചരണ പരിപാടികൾക്ക് രൂപം നൽകുകയും നടപ്പാക്കുകയും ചെയ്തു. വിദേശ സഞ്ചാരികൾ ഉൾപ്പെടെ ഉള്ളവരെ കാരവൻ ടൂറിസം മികച്ച നിലയിൽ ആകർഷിച്ചു.<br><br>സംസ്ഥാനത്ത് ഇതിനകം 13 കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ് നടത്തുന്നുണ്ട്. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. KTDC-യുമായി സഹകരിച്ച് കാസർഗോഡ് ബേക്കലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കാരവൻ ടൂറിസം വികസനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം കാരവൻ ടൂറിസത്തിന് സബ്സിഡികൾ നൽകാനായി 3.10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>നിലവിൽ കാരവൻ വാങ്ങുന്ന സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | നാളിതുവരെ 13 സംരംഭകർക്കായി സബ്സിഡി ഇനത്തിൽ ആകെ 97.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ GO(P) No. 34/2022/Trans dated 24.11.2022 പ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ പ്രവർത്തന പുരോഗതി ശാസ്ത്രീയമായി വിലയിരുത്തി ന്യൂനതകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കാരവൻ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും സംരംഭകരുടെ നിർദ്ദേശം കൂടി പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. |
| (സി) | കാരവൻ പാർക്കുകളിൽ സംരംഭകത്വം ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;? | (സി) | 08/10/2021 തീയതിയിലെ G.O(MS)18/2021/TSM ഉത്തരവ് പ്രകാരം സർക്കാർ കാരവൻ ടൂറിസം നയം പുറപ്പെടുവിച്ചു ഉത്തരവായിരുന്നു. ഉത്തരവിൽ കാരവൻ പാർക്കിന്റെ സൗകര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. കാരവൻ പാർക്കുകൾ, സർക്കാർ അംഗീകരിച്ച കാരവൻ നയത്തിൽ പ്രതിപാദിക്കുന്ന വിധത്തിൽ സ്വകാര്യ സംരംഭകർക്ക് ആരംഭിക്കാവുന്നതാണ്. കാരവൻ പാർക്കുകളുടെ നിർമ്മാണ വേളയിൽ മറ്റു വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികളിൽ കാലതാമസം വരുന്ന പക്ഷം സംരംഭകർ ടൂറിസം വകുപ്പിൽ അപേക്ഷ സമർപ്പിച്ചാൽ നിയമപ്രകാരമുള്ള സാധ്യമായ സഹായങ്ങൾ വകുപ്പ് ചെയ്തു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ